693/E1/2020/IKM

ഇൻഫർമേഷൻ കേരള മിഷൻ
റ്റി സി. നം. 25/3264(1) സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ പി. ഒ തിരുവനന്തപുരം – 695 003
ഫോൺ: 0471-2315833, 2312230

# സർക്കുലർ

നമ്പർ.349/ഇ1/2020/ഐ.കെ.എം. 17.08.2020

വിഷയം:- ഇൻഫർമേഷൻ കേരള മിഷൻ- ജീവനക്കാര്യം - Performance Appraisal form സമർപ്പിക്കുന്നതിന് തീയതി ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച് .

സൂചന : 1) 30.06.2020 ലെ നം.286/ഇ1/2020/ഐകെഎം

2) 06.08.2020 ൽ കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻറെ അധ്യക്ഷതയിൽ 3.30ന് നടന്ന യോഗത്തിൻറെ തീരുമാനം

സൂചന 3 ലെ സർക്കുലർ പ്രകാരം 01/09/2017 മുതൽ 31/03/2020 വരെയുള്ള കാലയളവിലെ പെർഫോർമൻസ് വിലയിരുത്തി ഉയർന്ന ഗ്രേഡ് നല്കുന്നതിനായി ടെക്നിക്കൽ/നോൺ-ടെക്നിക്കൽ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ അസ്സസ്സ്മെൻറ് നടത്തുന്നതുമായി ബന്ധപ്പെട്ട് നിശ്ചിത പെർഫോർമൻസ് അപ്രൈസൽ പ്രൊഫോർമയിൽ ജീവനക്കാരുടെ സർവ്വീസ് സംബന്ധിച്ച വിവരങ്ങൾ യഥാവിധം പൂരിപ്പിച്ച് ബന്ധപ്പെട്ട ടീം ലീഡർമാരുടെ ശുപാർശയോടു കൂടി 08.07.2020 ന് മുൻപായി ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നതും, തുടർന്ന് 20.07.2020 വരെ സമയ പരിധി നീട്ടി നല്കിയിരുന്നതുമാണ്.

എന്നാൽ പല ജീവനക്കാരും പെർഫോർമൻസ് അപ്രൈസൽ പ്രൊഫോർമ സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല, ആയതിനാൽ കോവിഡ് വ്യാപനവുമായി ബന്ധപ്പെട്ട് നിലവിലെ സാഹചര്യം കണക്കിലെടുത്ത് പെർഫോർമൻസ് അപ്രൈസൽ പ്രൊഫോർമ നല്കേണ്ട അവസാന തീയതി 25.08.2020 വരെ ദീർഘിപ്പിക്കുന്നു. എല്ലാ ജീവനക്കാരും പെർഫോർമൻസ് അപ്രൈസൽ പ്രൊഫോർമ യഥാവിധം പൂരിപ്പിച്ച് ബന്ധപ്പെട്ട കാലയളവിലെ മേലധികാരികൾ വഴി നല്കണമെന്ന് അറിയിക്കുന്നതോടൊപ്പം, ഇതു വരെ പ്രൊഫോർമ പൂരിപ്പിച്ച് നല്കാത്ത ജീവനക്കാർ വിശദീകരണത്തോടു കൂടി 25.08.2020 നകം പ്രൊഫോർമ പൂരിപ്പിച്ച് നല്കേണ്ടതാണെന്നും അറിയിക്കുന്നു. നിശ്ചിത സമയ പരിധിക്കു ശേഷം ലഭിക്കുന്ന പ്രൊഫോർമകൾ ഈ വർഷം പരിഗണിക്കുന്നതല്ല.

നോൺ-ടെക്നിക്കൽ വിഭാഗത്തിൽപ്പെട്ട ജീവനക്കാർ 2017-2020 കാലയളവിലെ ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയോഗിച്ചിരുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശുപാർശയോടു കൂടി പെർഫോർമൻസ് അപ്രൈസൽ പ്രൊഫോർമ നിശ്ചിത തീയതിക്ക് മുൻപ് സമർപ്പിക്കേണ്ടതാണ്.

ഡോ. ചിത്ര എസ് ഐ എ എസ്
എക്സിക്യൂട്ടീവ് ഡയറക്ടർ

എല്ലാ ജീവനക്കാർക്കും
എല്ലാ ടീം ലീഡർമാർക്കും
ഡപ്യൂട്ടി ഡയറക്ടർ, ടെക്നിക്കൽ
എക്സിക്യൂട്ടീവ് ഡയറക്ടറുടെ സി എ / കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻറെ സി എ
ഫയൽ കോപ്പി